STATE POLICE MEDIA CENTRE
KERALA
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.256/PR/SPMC/PHQ/2021 Date :19.06.2021

**വായനാദിനാചരണം സംസ്ഥാന പോലീസ് മേധാവി ഉദ്ഘാടനം ചെയ്തു**

കേരളാ പോലീസ് അക്കാദമി, ഇന്റഗ്രേറ്റഡ് പോലീസ് റിക്രൂട്ട് ട്രെയിനിംഗ് സെന്റർ (ഐ.പി.ആർ.ടി.സി.), പോലീസ് ട്രെയിനിംഗ് കോളേജ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വായനാദിനം ആചരിച്ചു.

മാറിയ കാലഘട്ടത്തിൽ വായനയുടെ രീതികൾക്ക് വ്യത്യസ്തത കൈവന്നിട്ടുണ്ടെങ്കിലും അതിന്റെ പ്രാധാന്യം ഒട്ടും കുറയുന്നില്ലെന്നും മറ്റേത് രംഗത്തുമെന്ന പോലെ ക്രമസമാധാനപരിപാലനരംഗത്തും അറിവ് സമ്പാദനവും സ്വയം നവീകരിക്കലും ഏറ്റവും നല്ല സേവനം കാഴ്ചവെയ്ക്കുന്നതിന് അത്യന്താപേക്ഷികമാണെന്നുമുള്ള സന്ദേശം പകരാനാണ് വായനാദിനം ആചരിച്ചത്. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ ഉപജ്ഞാതാവും വായനയെ ജനകീയമാക്കുന്നതിന് അശ്രാന്ത പരിശ്രമം നടത്തിയ ധിഷണാശാലിയുമായ പി.എൻ.പണിക്കരുടെ ചരമദിനമായ ജൂൺ 19 നാണ് വായനാദിനം ആചരിക്കുന്നത്.

ഓൺലൈനായി സംഘടിപ്പിച്ച വായനാ ദിനാഘോഷത്തിന്റെ ഔപചാരിക ഉദ്ഘാടനം തൃശൂർ കേരള പോലീസ് അക്കാദമിയിൽ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർവ്വഹിച്ചു. കവി മുരുകൻ കാട്ടാക്കട വിശിഷ്ടാതിഥിയായിരിന്നു. കേരള പോലീസ് അക്കാദമി ഇൻസ്പെക്ടർ ജനറൽ (ട്രെയിനിംഗ്) പി. വിജയൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കേരള പോലീസ് അക്കാദമി അസിസ്റ്റന്റ് ഡയറക്ടർ (പോലീസ് സയൻസ്) ഷൗക്കത്ത് അലി സ്വാഗതമാശംസിച്ചു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് അഡീഷണൽ നോഡൽ ഓഫീസർ കൂടിയായ എക്സൈസ് വിജിലൻസ് സൂപ്രണ്ട് മുഹമ്മദ് ഷാഫി കൃതജ്ഞത രേഖപ്പെടുത്തി.

കേരളാ പോലീസ് അക്കാദമി, ഐ.പി.ആർ.ടി.സി., പോലീസ് ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിൽ പരിശീലനത്തിലേർപ്പെട്ടിരിക്കുന്ന 2500 ഓളം പരിശീലനാർത്ഥികൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ എന്നിവരെ കൂടാതെ സംസ്ഥാനത്തുടനീളമുള്ള പോലീസ് സേനാംഗങ്ങളും ഡ്യൂട്ടിയ്ക്ക് തടസ്സം വരാത്ത വിധം ഓൺലൈൻ വായനാദിനാചരണത്തിൽ പങ്കെടുത്തു.

*************************